## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2551. 14.02.2013 -ൽ മറുപടിയ്ക്ക്**

## പാൻ മസാല നിരോധനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പാൻ മസാല നിരോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുകയില അടങ്ങിയ പാൻ മസാല ഗുഡ്ക തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിതരണവും വിൽപ്പനയും ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 22.05.2012 ലെ എ - 1327/12/സി.എഫ്,എസ് ഉത്തരവു പ്രകാരം നിരോധിക്കുകയുണ്ടായി |
| ബി) | നിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 22.05.2012 ലെ ആ/1327/12 ഉത്തരവിനെ തുടർന്ന് പുകയില, നിക്കോട്ടിൻ എന്നിവയടങ്ങിയ പാൻ മസാല, ഗുഡ്ക എന്നിവ അവ ഏതു പേരിൽ അറിയപ്പെട്ടാലും അവയുടെ ഉല്പാദനം, വിതരണം, വിൽപ്പന എന്നിവ ഉത്തരവ് തീയതി മുതൽ നിരോധിക്കപ്പെട്ടിരിക്കുകയാണ്. ഉത്തരവ് തീയതി മുതൽ തന്നെ കേരളത്തിലേക്ക് പുതിയതായിട്ട് നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ എത്തുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽ പ്രത്യേക ജാഗ്രത പാലിക്കുവാൻ ഫുഡ് സേഫ്റ്റി / വാണിജ്യ നികുതി വകുപ്പ് / എക്സൈസ് എന്നിവയിലെ ഉദ്യോഗസ്ഥർക്ക് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. ഏകദേശം 18 ടണ്ണോളം ഉൽപ്പന്നങ്ങൾ തിരിച്ചയക്കുകയും ചെയ്തിട്ടുണ്ട്. നിരോധന ഉത്തരവിന്റെ ഒരു സംക്ഷിപ്ത രൂപം പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും ഇത്തരം ഉൽപന്നങ്ങളുടെ അനധികൃത സംഭരണമോ വില്പനയോ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് അറിയിക്കുവാൻ വേണ്ടി എല്ലാ ജില്ലാ ഓഫീസർമാരുടെയും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പരുകളും പ്രസിദ്ധീകരിച്ചിരുന്നു. നിയമാനുസൃത മല്ലാത്ത രീതിയിൽ ഇത്തരം ഉല്പന്നങ്ങൾ ചെറിയ തോതിലെങ്കിലും കടത്തുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മുഖ്യമന്ത്രി 25.6.12 ൽ വിളിച്ചു ചേർത്ത യോഗത്തിൽ പോലീസ് ആക്ട് ഉപയോഗിച്ചുകൊണ്ട് നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ സൂക്ഷിക്കുകയോ വില്പനയോ നടത്തുന്നവർക്കെതിരെ നടപടിയെടുക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി വകുപ്പിൽ നിന്നും നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വിൽക്കുവാൻ സാധ്യതയുള്ള കടക്കാരുടെ വിവരം ശേഖരിച്ച് പോലീസിന് കൈമാറിയിട്ടുണ്ട്. അതാത് ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ സേവനം കൂടി ഉൾപ്പെടുത്തി നിരോധിക്കപ്പെട്ട പാൻ മസാല, ഗുഡ്ക തുടങ്ങിയ ഉല്പന്നങ്ങളുടെ രഹസ്യ സൂക്ഷിപ്പുകേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടിയും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. പാൻ മസാല പോലെ നിരോധിക്കപ്പെട്ട വസ്തുക്കളുടെ ഉപയോഗം മൂലമുള്ള ദോഷ വശങ്ങളെക്കുറിച്ച് സ്കൂൾ തലത്തിൽ ബോധവത്ക്കരണം നടത്താൻ പൊതുവിദ്യാഭ്യാസ വകുപ്പു ഡയറക്ടർ മുഖ്യമന്ത്രിയിടെ യോഗത്തെ തുടർന്ന് ഉത്തരവിട്ടിട്ടുണ്ട്. |
| സി) | ഇതിനായി സ്കൂൾ പരിസര പ്രദേശങ്ങളിൽ, കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഫുഡ് സേഫ്റ്റി, റവന്യൂ, പോലീസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| ഡി) | നിരോധനം കർശന മാക്കുന്നതിന്, ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്. | | നിരോധനം കർശനമാക്കുന്നതിന് ഫുഡ് സേഫ്റ്റി, റവന്യൂ, പോലീസ്, ആരോഗ്യം, വിദ്യാഭ്യാസം എക്സൈസ്, വിൽപ്പന നികുതി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**